കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ ഇകയുടെ കഴിഞ്ഞ 4 വർഷത്തെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	കേന്ദ്ര റിലീസ് (ലക്ഷത്തിൽ)	ചെലവഴിച്ച ഇക
2011-12	7459.55	20602.43
2012-13	4503.83	21622.37
2013-14	4511.22	23841.50
2014-15	4489.46	21031.57

(ഇ) 1. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള അങ്കണവാടികൾ -21132

2. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാതെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ -10165

(എഫ്) കട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിനായി വൃത്തിയായി ഭക്ഷണം പാകംചെയ്തുനൽകുന്നതിന് അനുയോജ്യമായരീതിയിൽ സ്ഥല സൗകര്യമില്ലാതെ ചില അങ്കണവാടികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന എല്ലാ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. അനുയോജ്യമായ സ്ഥല സൗകര്യ മില്ലാത്ത അങ്കണവാടികൾക്ക് സൗകര്യമായ വാടക കെട്ടിടം കണ്ടെത്തി ആയതിലേക്ക് മാറ്റി പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ നിയമനം

244 (4287) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ജില്ലകളിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തസ്തികകൾ ഒഴിഞ്ഞുകിടന്നിട്ടും പുതിയതായി ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാരെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേക്ക് പി.എസ്.സി. നിയമന ശുപാർശ ലഭ്യമാക്കിയിട്ടില്ലാത്തതിനാലാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരെ നിയമിക്കാത്തത്.

ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ ഒഴിവുകൾ

24 (4288) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ ആകെ എത്ര തസ്തികകളാണ് നിലവിലുള്ളത് ; ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു ; പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി അടിയന്തരമായി നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ആകെയുള്ള തസ്തികകൾ-1292. 322 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ടി ഒഴിവുകൾ എല്ലാം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

(ബി) പി.എസ്.സി-യിൽ നിന്നും നിയമന ശുപാർശ ലഭ്യമാകുന്നമുറയ്ക്ക് നിയമനം നടത്തുന്നതാണ്.

ഐ.സി.ഡി.എസ്. ഡയറക്ടർ

246 (4289) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.സി.ഡി.എസ്. ഡയറക്ടർ തസ്തികയിൽ ജോലി ചെയ്യുവരുന്നത് സർവ്വീസിൽനിന്നും വിരമിച്ചയാളാണോ ;

(ബി) സർവ്വീസിൽനിന്ന് വിരമിച്ചശേഷം എത്ര കാലമായി പ്രസ്തുത സ്ഥാനത്ത് ഇദ്ദേഹം തുടരുന്നുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly